ആക്ഷൻ പ്ലാൻ രൂപീകരിച്ച് വരുകയും ചെയ്യുന്നു. 18-11-2014 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 2051/2014/കൃഷി പ്രകാരം നീര ഉല്പാദനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിനും അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുമായി ആറ് അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, അഗ്രിചീഫ്, കൃഷി ഡയറക്ടർ, സ്മാൾ ഫാർമേഴ്സ്, അഗ്രി ബിസിനസ്സ് കൺസോർഷ്യത്തിന്റെ മാനേജർ എന്നിവരും കാർഷിക സർവ്വകലാശാലയിലെ മൂന്നു ശാസ്ത്രജ്ഞരും കമ്മിറ്റിയിലെ അംഗങ്ങളാണ്. ഇതുവരെ ലഭിച്ച അപേക്ഷകൾ 4-12-2014 തീയതിയിലെ കമ്മിറ്റി യോഗത്തിൽ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

കർഷക കടാശ്വാസ കമ്മീഷൻ

249 (1689) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കാർഷിക മേഖലയെ സഹായിക്കുന്നതിൽ കർഷക കടാശ്വാസ കമ്മീഷൻ വലിയ പങ്ക് വഹിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കർഷക ആത്മഹത്യകൾ കുറയുന്നതിനും, കൃഷി ശക്തിപ്പെടുത്തുന്നതിനും കർഷക കടാശ്വാസ കമ്മീഷൻ ശക്തിപ്പെടുത്തണമെന്ന് കരുതുന്നുണ്ടോ ;

(സി) എങ്കിൽ എന്തൊക്കെ നൂതന പദ്ധതികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) കടബാധ്യതമൂലം ദുരിതത്തിലാണ്ട കർഷകരെ സഹായിക്കുന്നതിന് വേണ്ടിയാണ് 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. 2007-ൽ രൂപീകരിച്ച കമ്മീഷന്റെ കാലാവധി 18-3-2012-ൽ അവസാനിച്ചതിനെ തുടർന്ന് 19-5-2012-ലെ ജി.ഒ.(പി) നമ്പർ 210/2012/RD നമ്പർ ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ. ആർ. ഉദയഭാനു ചെയർമാനായി സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് നിലവിൽവന്ന 18-1-2007-നോ അതിനുമുമ്പോ കർഷകനിൽനിന്ന് സഹകരണ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംഘത്തിനോ ലൈസൻസ് പ്രകാരമോ അല്ലാതെയോ പണം കടം കൊടുക്കലിൽ ഏർപ്പെട്ടിരിക്കുന്ന ഒരാൾക്കോ നൽകാനുള്ള ബാധ്യതകൾക്കാണ് കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്തിരുന്നത്. എന്നാൽ വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ജില്ലയിലെ കർഷകരുടെ 31-10-2011 വരെയുള്ള കടങ്ങളും നിലവിൽ കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. അതനുസരിച്ച് വയനാട് ജില്ലയിലെ കർഷകരിൽ നിന്ന് കടാശ്വാസത്തിനുള്ള അപേക്ഷകൾ കമ്മീഷനിൽ സ്വീകരിക്കുന്നുണ്ട്. 113502 കർഷകർക്ക് ഇതിനകം കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്തിട്ടുണ്ട്. കടക്കെണിയിലായ കർഷകർക്ക് ആശ്വാസം നൽകുന്നതുവഴി കർഷക ആത്മഹത്യ തടയുന്നതിലും അത്തരത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിലും കർഷക കടാശ്വാസ കമ്മീഷൻ പങ്ക് വഹിക്കുന്നുണ്ട്.

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപടി

250 (1690) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉല്പാദന വർദ്ധനവിനായി നെൽകൃഷിയിലും മറ്റ് കാർഷികവിളയിലും ഉപയോഗിക്കുന്ന രാസവളങ്ങളും കീടനാശിനികളും മനുഷ്യജീവനും ആരോഗ്യത്തിനും ജൈവസമ്പത്തിനും വൻ ഭീഷണിയായി മാറിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ അമിതമായ ഉപയോഗം നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(സി) മിഷൻ 676 വഴി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി; അതിന്റെ കാലിക സ്ഥിതി വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതമായ ഉപയോഗം തടയുന്നതിനായി കൃഷി വകുപ്പ് കർഷകർക്ക് ബോധവൽക്കരണ പരിശീലന പരിപാടികൾ എല്ലാ കൃഷിഭവൻ മുഖേനയും നടപ്പിലാക്കി വരുന്നുണ്ട്. കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും മണ്ണു സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുകയും പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിന് വളപ്രയോഗം നടത്തുവാൻ കർഷകരെ ഉപദേശിക്കുകയും ബോധവത്ക്കരണം നടത്തുകയും ചെയ്യുന്നുണ്ട്. പച്ചക്കറികളിൽ കീടനാശിനിയുടെ ഉപയോഗം കണ്ടെത്തിയ